ആശുപത്രികളിൽ ജനറേറ്റർ സ്ഥാപിക്കാൻ നടപടി

403. [588] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും, താലൂക്കാശുപത്രികളിലും ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ സർക്കാർ ചെലവിൽ സ്ഥാപിച്ചിട്ടുള്ളവയെത്ര ;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി ഉൾപ്പെടെ ജനറേറ്ററുകളില്ലാത്ത ആശുപത്രികളിൽ അടിയന്തിരമായി ജനറേറ്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ്—4 ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും ഗവൺമെൻറ് ചെലവിൽ ജനറേറ്റർ സ്ഥാപിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള 4 എണ്ണം

(സി) സ്വീകരിക്കുന്നതാണ്.

പ്രൈമറി ഹെൽത്ത് സെൻററുകളിലെ ആയുർവേദ ഡോക്ടർമാരുടെ നിയമനം

404. [589] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി ഹെൽത്ത് സെൻററുകളിൽ ആയുർവേദ ഡോക്ടർമാരെ നിയമിക്കണമെന്ന് കേന്ദ്ര ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) അത്തരം ഒരു നിർദ്ദേശം 1980-ൽ സെൻട്രൽ കൗൺസിൽ ഓഫ ഇൻഡ്യൻ മെഡിസിൻ രജിസ്ട്രാറിൽ നിന്നും ലഭിച്ചിരുന്നു.

(ബി) ഇല്ല.

60 ദമ്പതികൾക്ക് ഒരു വനിത വോളണ്ടിയർ എന്ന കേന്ദ്ര പദ്ധതി

405. [590] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബക്ഷേമ പ്രചരണത്തിന് 60 ദമ്പതികൾക്ക് ഒരു വനിത വോളണ്ടിയർ എന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വോളണ്ടിയർമാർക്ക് പരിശീലനം നല്കാൻ കഴിഞ്ഞു ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൻെറ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly